അനുബന്ധം I

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1424 കാണുക)

ഓണക്കാലത്ത് പത്തനംതിട്ട ജില്ലയിൽ സൗജന്യ റേഷൻ നൽകിയ കുടുംബങ്ങളുടെ താലൂക്ക് തിരിച്ചുള്ള കണക്ക്

കോഴഞ്ചേരി	50,274
റാന്നി	31,780
അടൂർ	39,817
തിരുവല്ല	28,160
മല്ലപ്പള്ളി	21,716
	171,747

ഓണത്തിന് സൗജന്യ റേഷൻ

977. [1425] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
,, കെ. പി. എ. മജീദ് :
,, പി. സീതി ഹാജി :
,, പി. വി. മുഹമ്മദ് :
,, പി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണത്തിന് സൗജന്യ റേഷൻ നൽകിയതിന് സംസ്ഥാന സർക്കാരിന് എത്ര കോടി രൂപ ചെലവായി ;

(ബി) ഏതു പരിപാടിയിൽ ഉൾപ്പെടുത്തിയാണ് സൗജന്യ റേഷൻ നൽകിയത് ;

(സി) എത്ര കുടുംബങ്ങൾക്ക് ഇതിൽ പ്രയോജനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓണത്തിന് സൗജന്യ റേഷൻ നൽകിയ വകയിൽ താൽക്കാലിക കണക്കനുസരിച്ച് സർക്കാരിന് 7,15,84,745.03 രൂപ ചെലവായി.

(ബി) അടുത്ത കാലത്തുണ്ടായ വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിച്ചവർക്ക് ആശ്വാസ നടപടിയെന്ന നിലയിലും ഓണക്കാലത്ത് ദുർബല വിഭാഗങ്ങൾക്ക് നൽകിയ ഒരു ആനുകൂല്യമെന്ന നിലയിലുമാണ് സൗജന്യ റേഷൻ നൽകിയിട്ടുള്ളത്.

(സി) 36,47,803 കുടുംബങ്ങൾക്ക് സൗജന്യ റേഷന്റെ പ്രയോജനം ലഭിച്ചു.

ഇലക്ട്രിസിറ്റി ഫ്രൈസൻസിംഗ് ബോർഡ്

978 [1426] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ഫ്രൈസൻസിംഗ് ബോർഡിൽ ഇപ്പോൾ നിലവിലുള്ള അംഗങ്ങൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly